**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- **2015-16** വർഷത്തെ **BIF Housing Scheme** ഗുണഭോക്താവായ ശ്രീ.ആന്റണി കെ.വി. ഭവന നിർമ്മാണത്തിനായി കൈപ്പറ്റിയ **1,25,000/-** രൂപ തിരിച്ചടയ്ക്കുന്നതിനും, പലിശ തുക ഒഴിവാക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**491/2026/F&P** തീയതി,തിരുവനന്തപുരം, **20-08-2026**

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ **07/08/2026**-ലെ **DFTVM/1696/2025-N1** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**2015-16** വർഷത്തെ **BIF Housing Scheme** ഗുണഭോക്താവായ ശ്രീ.ആന്റണി കെ.വി **1,25,000/-** രൂപ ധനസഹായം കൈപ്പറ്റിയിരുന്നു. എന്നാൽ, ധനസഹായം ലഭിച്ച സമയത്ത് മകളുടെ വിവാഹച്ചെലവും, ഭാര്യയുടെ ഗുരുതര ഹൃദ്രോഗത്തെത്തുടർന്നുള്ള ചികിത്സാചെലവും ഒരേസമയം വഹിക്കേണ്ട സാഹചര്യം ഉണ്ടായതിനാൽ വീടിന്റെ തറയും ബെൽറ്റ് കോൺക്രീറ്റും വരെ മാത്രമേ നിർമിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. കൂടാതെ, സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനാൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അപേക്ഷകന് സാധിച്ചിരുന്നില്ല. നിലവിൽ വാടകവീട്ടിലാണ് ടിയാൻ കുടുംബസമേതം താമസിക്കുന്നത്. വീട് പൂർത്തിയാക്കുന്നതിനായി ബാങ്കിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിന് ഭൂമിയുടെ ആധാരം ആവശ്യമായതിനാൽ, സർക്കാർ അനുവദിച്ച ധനസഹായം തിരിച്ചടച്ച് വകുപ്പിന്റെ കൈവശമുള്ള ആധാരം തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ആന്റണി കെ.വി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2) 31.08.2017** മുതൽ **14.03.2025** വരെ കണക്കാക്കിയ പലിശ **1,67,585/-** രൂപയും മുഖ്യതുകയായ **1,25,000/-** ഉൾപ്പെടെ ആകെ സർക്കാർ ബാധ്യത **2,92,585/-** ആണെന്ന് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, അപേക്ഷകന്റെ കുടുംബ പശ്ചാത്തലവും സാമ്പത്തിക നിലയും പരിഗണിച്ച് പലിശ ഒഴിവാക്കി കൈപ്പറ്റിയ തുകയായ **1,25,000/-**രൂപ മാത്രം തിരിച്ചടച്ച് ആധാരം തിരികെ നൽകുന്നതിന് ഉത്തരവാകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

**3)** സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും, അപേക്ഷന്റെ നിലവിലെ അവസ്ഥ കണക്കിലെടുത്തും, ശ്രീ.ആന്റണി കെ.വി കൈപ്പറ്റിയ **1,25,000/-** രൂപ മാത്രം തിരിച്ചടയ്ക്കുന്നതിനും, പലിശ തുക ഒഴിവാക്കി ആധാരം

തിരികെ നൽകുന്നതിനുള്ള അനുമതി ഫിഷറീസ് ഡയറക്ടർക്ക് നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ (ഫയൽ നം.സി2/250/2026/മതുവ)

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha Shiju
Date: 20-08-2026
സെക്ഷൻ ഓഫീസർ